**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2331** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെ താൽക്കാലിക തസ്തിക സൃഷ്ടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമപഞ്ചായത്തുകളിൽ അനുവദിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 താൽക്കാലിക തസ്തിക ഇനിയും അനുവദിക്കാനുള്ള ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ മേഖലയിൽ നൽകുന്ന സേവനം കുറച്ചു കൂടി ഫലപ്രദമാക്കുന്നതിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ഹെൽത്ത് ഇൻസ്പെക്ടർമാരുടെ താൽക്കാലിക തസ്തിക സൃഷ്ടിക്കാത്ത 436 പഞ്ചായത്തുകളിൽ കൂടി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2 ഗ്രാമപഞ്ചായത്തുകളിൽ സാമ്പത്തിക സ്ഥിതി പര്യാത്തമല്ലാത്തതിനാൽ തസ്തിക ആവശ്യമില്ല എന്ന് അറിയിച്ചിട്ടുണ്ട്. 185 പഞ്ചായത്തുകളുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ജില്ലാ കാര്യാലയങ്ങൾ മുഖേനെ സമർപ്പിച്ച പ്രൊപ്പോസലുകളിൽ അപാകത ഉള്ളത് പരിഹരിച്ച് ലഭ്യമാക്കുന്നതിനും ഇനിയും പ്രൊപ്പോസൽ സമർപ്പിക്കുവാനുള്ള ഗ്രാമപഞ്ചായത്തുകളിൽ ടി തസ്തിക ആവശ്യമുണ്ടോ എന്നത് പരിശോധിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ നിയമനം നടത്തുവാനുള്ള പഞ്ചായത്തുകളുടെ വിശദാംശം നൽകാമോ; നിയമനം വേഗത്തിൽ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തന്നതിനും ആരോഗ്യ മേഖലയിൽ നൽകുന്ന സേവനം കുറച്ചു കൂടി ഫലപ്രദമാക്കുന്നതിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ശേഷിക്കുന്ന 436 പഞ്ചായത്തുകളിൽ 185 പഞ്ചായത്തുകളുടെ പ്രൊപ്പോസലുകൾ സർക്കാർ അനുമതിക്കായും 2 ഗ്രാമപഞ്ചായത്തുകളിൽ സാമ്പത്തിക സ്ഥിതി പര്യാപ്പമല്ലാത്തതിനാൽ തസ്തിക ആവശ്യമില്ല എന്ന വിവരവും ഈ കാര്യാലയത്തിൽ നിന്നും |

സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ജില്ലാ കാര്യാലയങ്ങൾ മുഖേനെ സമർപ്പിച്ച പ്രൊപ്പോസലുകളിൽ അപാകത ഉള്ളത് പരിഹരിച്ച് ലഭ്യമാക്കുന്നതിനും ഇനിയും പ്രൊപ്പോസൽ സമർപ്പിക്കുവാനുള്ള ഗ്രാമപഞ്ചായത്തുകളിൽ ടി തസ്തിക ആവശ്യമുണ്ടോ എന്നത് പരിശോധിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനുള്ള നടപടി ഈ കാര്യാലയത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ളതുമാണ്. കാലതാമസം വിന ഇനിയും പ്രൊപ്പോസൽ സമർപ്പിക്കാത്ത തസ്തിക ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്ന വിവരം അറിവിലേക്കായി.

മലപ്പുറം ജില്ലയിലെ അവശേഷിക്കുന്ന 28 ഗ്രാമ പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു

1. തിരുന്നാവായ

2. പറപ്പൂർ

3. പാണ്ടിക്കാട്

4. തേഞ്ഞിപ്പലം

5. ആതവനാട്

6. പോത്തുകല്ല്

7. മേലാറ്റൂർ

8. ഊർങ്ങാട്ടിരി

9. താഴേക്കാട്

10. അരീക്കോട്

11. മൂത്തേടം

12. വണ്ടൂർ

13. ചോക്കാട്

14. മാറാക്കര

15. ആലിപ്പറമ്പ്

16. ചുങ്കത്തറ

17. തവനൂർ

18. തലക്കാട്

| | | | |
|---|---|---|---|
| | | | 19. കുറ്റിപ്പുറം<br>20. കാളികാവ്<br>21. നന്നംമുക്ക്<br>22. കൂട്ടിലങ്ങാടി<br>23. മങ്കട<br>24. തിരുവാലി<br>25. കാലടി<br>26. ഇരിമ്പിളിയം<br>27. തുവ്വൂർ<br>28. ആലംകോട് |

സെക്ഷൻ ഓഫീസർ